**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4819** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ് വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഇ-ഗ്രാന്റുകളുടെ തുക അവരുടെ വിദ്യാഭ്യാസ, താമസ ചെലവുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആയത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | വിദ്യാഭ്യാസ ചെലവിലുണ്ടായ വർദ്ധനവിന്റെയും ഉയർന്ന് വരുന്ന ജീവിത നിലവാര സൂചികകളുടെയും അടിസ്ഥാനത്തിൽ 9/ 10/2020 ലെ സ.ഉ. (അച്ചടി) നമ്പർ 1/2020/ പജപവവിവ പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ 2024-25 വർഷത്തെ ബഡ്ജറ്റിൽ ABLC(Actual Boarding & Lodging Charges) വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം എല്ലാ<br><br>അംഗീകൃത സ്ഥാപനങ്ങളിലും അംഗീകൃത കോഴ്സുകൾ പഠിക്കുന്ന എല്ലാ പട്ടികജാതി വിദ്യാർഥികൾക്കും 05/01/2023 ലെ GO(P) No.02/2023/SCSTD യിലെ വ്യവസ്ഥകൾക്കു വിധേയമായി വരുമാന പരിധിയില്ലാതെ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ വർധിപ്പിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ